● മഴയറിവ് ക്യാമ്പ് / അനുഭവക്കുറിപ്പ്

# കൂട്ടായ്മയുടെ മഴ, സ്നേഹമഴ

ശ്രീജ. കെ.എം.



ഫോട്ടോ : ഹരി പാമ്പൂർ

**അ**ല്ല ശ്യാമളേ നമ്മടെ വക്കീലുകുട്ടി വയനാട്ടിൽക്ക് മഴകാണാമ്പോയീന്നോ, പഠിയ്ക്കാൻ പോയീന്നോക്കെ പറയ്ണ കേട്ടൂലോ...... ന്താ നമ്മ്ടവ്ടത്തെ മഴ്യൊന്നും പോരെ അവൾക്ക്?

വടക്കേലെ ജാനകി ടീവീല് കണ്ടൂത്രെ, അരപ്പിര്യോൾടെ മാതിരി കൊറേണ്ണം മഴേം കൊണ്ട് നടക്ക്ണത്. അക്കൂട്ടത്തില് നമ്മടെ കുട്ട്യേം കണ്ടൂന്ന് പറഞ്ഞപ്പോ നിയ്ക്ക് ഒരൂട്ടൊക്കെ തോന്നീട്ടോ. നെന്റട്ത്ത് വന്നു ചോദിയ്ക്കണം ന്നിരിച്ച് എറങ്ങി കയ്യാലയ്ക്കലെത്തീല്ല്യാ. തൊടങ്ങി നാശം പിടിച്ച മഴ-നെണക്കറിയാലോ മഴ നെലത്തു വീണാ പിന്നെ ഞാൻ തെക്കിനീൽക്കും കൂടി വരില്ല്യാന്ന്. വയ്യാഞ്ഞിട്ടന്ന്യാ..... കാലിന്റെ കോച്ചിപിടുത്തം പിന്നെ വലിവും. ഞാൻ കിഴക്കേറയത്ത് കൂടെ വേഗം വടക്കാറേൽക്കു തന്നെ എത്തി കരിമ്പടത്തിന്റുള്ളിൽ കേറി നാരായണാ നാരായണാന്നു ജപിച്ചു

വേയ്ക്കണെ കാലത്തെത്ര മഴ കണ്ട്ട്ടും കൊണ്ട്ട്ടും ഉള്ളതാ.........

നെണക്കോർമ്മണ്ടോ കുട്ട്യേട്ടനെ നമ്മടെ വല്ല്യമ്മാടെ മൂത്ത മകൻ, ഈ ചാരുപടീമ്മ്ല്ങ്ങനെ മഴേം കണ്ടു കെടക്കും.

മഴയെ എനിക്ക് പണ്ടേ പരിചയമുണ്ട്. ഞങ്ങൾ ഒന്നിച്ചാണ് സ്ക്കൂളിൽ പോയീര്ന്നതും, അമ്മയെക്കാണാൻ വേണ്ടിയുറക്കെ കരഞ്ഞടി മേടിച്ചതുമൊക്കെ........ ഈയൊരോർമ്മ വച്ചുകൊണ്ടാണ് മഴയറിവ് ക്യാമ്പിൽ പോയത്. ഇടയ്ക്കെവിടെയോ വച്ച് നഷ്ടപ്പെട്ട ആ സൗഹൃദം വീണ്ടെടുക്കണമെന്നു കരുതിക്കൊണ്ട്.

2

ചുരം കയറുമ്പോളിടയ്ക്കൊന്ന് വന്ന് പിണക്കാണാമെന്നു പറഞ്ഞു പിരിഞ്ഞു പഹയൻ, എന്നാൽ നീ നിന്റെ പണി നോക്ക് എന്നും പറഞ്ഞു പിണങ്ങി ഞാനെന്റെ കൂട്ടരോട് ചേർന്നു. ഇടയ്ക്കിടെ ഞാനാകാശത്തേയ്ക്കൊളി കണ്ണിട്ടു നോക്കി, ഒളിച്ചിരിയ്ക്ക്യാണ് മേഘത്തിന്റുള്ളില്. ഞാനങ്കിളിനോടു പറഞ്ഞു നമുക്ക് വേഗം നടന്നു കയറി മേഘത്തിനെപ്പിടിയ്ക്കാംന്ന്. വഴിവക്കിലെ അരുവികളുടെയും പൂക്കളുടെയും ക്ഷണം ഞങ്ങളുടെ വേഗതയെ ബാധിച്ചു എങ്കിലും തളർച്ചയറിയാതെ തന്നെ ഉയരത്തെത്തി പക്ഷെ, മേഘങ്ങളെവിടേന്നും പോയീര്ന്നു.

ഊണിനു ശേഷം തടാകത്തിലേയ്ക്കുള്ള യാത്രയിൽ മഴ ഞങ്ങളുടെ കൂടെ തന്നെയുണ്ടായിരുന്നൂട്ടോ. അതുകൊണ്ടാവും ഞാൻ വിളിച്ചപ്പോൾ വേഗം വന്നു ബോട്ടിൽ കയറീത്. ഞങ്ങളെന്നിട്ട് സൗഹൃദത്തിന്റെ ബാല്യത്തിലേയ്ക്ക് തുഴഞ്ഞു.

തിരിച്ച് രാത്രി സങ്കേതത്തിലെ കൂട്ടായ്മയിലേയ്ക്ക്. പരിചയക്കുറവിൽ നിന്നും പരിചയങ്ങളിലേക്ക്....... ഉരസലുകളിൽ തുടങ്ങുന്ന അടുപ്പങ്ങളിലേക്ക്, സംഗീതത്തിന്റെ താളലയങ്ങളിലേയ്ക്ക് ഇതിന്നിടയ്ക്ക് ബബീനയുടെ പാട്ടിന്റെ ഈണത്തിൽ ഞാനെന്റെ കളിക്കൂട്ടുകാരന്റെ സാന്നിദ്ധ്യം അറിഞ്ഞു വീണ്ടും.

അത്താഴത്തിനു ശേഷം വീണ്ടും കൂടിയപ്പോഴേയ്ക്കും മഴയ്ക്കുറക്കം വന്നെന്നു തോന്നുന്നു. അതുകൊണ്ടു തന്നെ തുടർന്നുണ്ടായ ചോദ്യോത്തരങ്ങളൊക്കെയും തന്നെ കാറ്റുപോലെയെങ്ങോ പോയി. മഴയുടെ ശീലങ്ങളെയും ശീലക്കേടുകളെയും കുറിച്ച് അജയ്കുമാർ സാറു പറഞ്ഞതു മുഴുവനും ഉള്ളിൽ തങ്ങാതിരുന്നതും അതുകൊണ്ടു തന്നെയായിരിക്കാം. എന്നാൽ നിലീന കവിതചൊല്ലിയപ്പോൾ മഴയുടെ മണമെടുത്തു എനിക്ക്.

"ഇനിവരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാധ്യമോ....." ഫാദർ ബാബു പാടിയ പാട്ടിന്റെ ഈണവും അതുയർത്തുന്ന ചോദ്യങ്ങളും മനസ്സിൽ മായാതെ കിടപ്പുണ്ട്. രാവിലത്തെ ഒത്തുകൂടലിലാണ് മഴ ഒരു കൂട്ടായ സാന്നിദ്ധ്യമായത്. ഓരോ മനസ്സിലും പെയ്തത് അനുഭവപ്പകർച്ചയായി...... ക്യാമ്പിലാകെ നനവു പടർന്നു, സ്നേഹത്തിന്റെ പങ്കുവെയ്ക്കലിന്റെ, കൂട്ടായ്മയുടെ മഴ നനവ്.......

നുറുങ്ങറിവുകളുടെ മഴ നൂലുകളും, മിത്തുകളുടെ മഴക്കാഴ്ചകളും, അനുഭവങ്ങളുടെ മഴത്തുടർച്ചകളും, പിന്നെ സ്വപ്നങ്ങൾക്കായി മഴവില്ലുകളും ശേഷിപ്പിച്ചുകൊണ്ട് ഞങ്ങൾ പിരിഞ്ഞു. നനഞ്ഞു തീരും മുൻപെ.......ഉള്ളിലൊരു തോരാത്ത മഴ കരുതിക്കൊണ്ട്, നനയാനും നനയ്ക്കാനും നിറയാനും നിറയ്ക്കാനും വീണുകിട്ടിയ സൗഹൃദത്തിന്റെ ധന്യതയെ നിയ്ക്കു സ്വന്തം.........

മഴയുടെ ഒരുപാടു മുഖങ്ങൾ അറിയണമെന്നുണ്ടായിരുന്നു. പക്ഷെ വളരെ സൗമ്യമായ മുഖം മാത്രമെ അനുഭവിയ്ക്കാൻ കഴിഞ്ഞുള്ളൂ എന്നാലും ക്യാമ്പിന്റെ വിജയം അകത്തു മഴ പെയ്യിച്ചതിലാണ്. മഴ നമുക്കെല്ലാം ഉള്ളിലും പുറത്തുമൊക്കെയുള്ള ഒരു തീവ്ര സാന്നിദ്ധ്യമാണെങ്കിലും അതിലേയ്ക്ക് നമ്മുടെ സംവേദനത്തെ ഉണർത്താൻ ചില അനുഭവങ്ങളും അറിവുകളും ആവശ്യമായി വരും. പുസ്തകങ്ങളിൽ കിട്ടാത്ത, സർവ്വെ ചെയ്യപ്പെടാത്ത അറിവുകൾ സൗഹൃദങ്ങളിൽ നിന്നും, സ്നേഹങ്ങളിൽ നിന്നുമുള്ള നനവുകൾ, പങ്കുവെയ്ക്കലുകളുടെ നിറവുകൾ..... ഈ ഒരു തലത്തിൽ ക്യാമ്പ് ഒരു നല്ല തുടക്കം തന്നെയായിരുന്നു. ഇനിയുമൊരുപാട് ദൂരമുള്ള ഒരു യാത്രയ്ക്കുള്ള തുടക്കം. *(തുടരും)*

*രണ്ടാം സെമസ്റ്റർ, ഗവ. ലോ കോളേജ്, തൃശൂർ*